## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3926 | | 21.10.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **പൊതു ശൗചാലയങ്ങൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.പി.ഉബൈദുള്ള** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്തെ നഗരങ്ങളിൽ ഒരിടത്തും പൊതുജനങ്ങൾക്ക് സൗജന്യമായി ശൗചാലയങ്ങൾ ഉണ്ടാക്കി നൽകാത്തതിന്റെ കാരണം അറിയിക്കുമോ; | (എ) | 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 320, 321 എന്നിവ പ്രകാരം പൊതുശൗചാലയങ്ങൾ ഏർപ്പെടുത്തുക എന്നത് നഗരസഭകളുടെ ഉത്തരവാദിത്വമാണ്. അക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് ബന്ധപ്പെട്ട നഗരസഭാ കൗൺസിലുകളാണ്. |
| (ബി) | ജനങ്ങളിൽ നിന്ന് നിരക്ക് ഈടാക്കിയുള്ള ശൗചാലയങ്ങൾ മാത്രമേ നിർമ്മിക്കു എന്ന നിലപാട് സർക്കാരിനുണ്ടോ; എങ്കിൽ ഇതിന്റെ കാരണം അറിയിക്കുമോ; | (ബി) | ഇല്ല |
| (സി) | നഗരങ്ങളിൽ വസിക്കുന്നവർക്ക് പുറമേ കച്ചവട സ്ഥാപനങ്ങൾ നടത്തുന്നവരിൽ നിന്നുവരെ കരം ഈടാക്കുന്ന നഗരസഭകൾ സൗജന്യമായി ഇത്തരം സംവിധാനം ഒരുക്കാതിരിക്കുന്നതിനുള്ള കാരണം അറിയിക്കുമോ? | (സി) | ഇക്കാര്യം ബന്ധപ്പെട്ട നഗരസഭകളുടെ അധികാരപരിധിയിൽ പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ